235-est-18

## തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. ശ്രീ. പി.ആർ. സജികുമാർ)

വിഷയം : തസ്വഭവ -എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ടുമാരുടെ റേഷ്യോ ഹയർഗ്രേഡ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1) സ.ഉ(പി) നം. 7/2016/ഫിൻ തീയതി 20.01.2016
2) ഈ ഓഫീസിലെ 05.06.2018-ലെ എ1-10700/2017/സിഇ/തസ്വഭവ നമ്പർ ഉത്തരവ്
3) ജൂനിയർ സൂപ്രണ്ടുമാരുടെ 19.04.2016-ലെ എ1-1002/13/സിഇ/ തസ്വഭവ (ജെ.എസ്) നമ്പർ അന്തിമ മുൻഗണനാപ്പട്ടിക
4) സ.ഉ(പി) നം. 515/2007/ഫിൻ തീയതി 19.10.2016.
5) 04.11.2017-ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ് നം എ1-1002/2013/സിഇ/തസ്വഭവ തീയതി. 01.08.2018

ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. സന്തോഷ്. ജി-യ്ക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് മേൽ പരാമർശം (2) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം വകുപ്പിൽ അനുവദനീയമായ 1/3 റേഷ്യോ നിലനിർത്തുന്നതിലേയ്ക്കായി, മേൽ പരാമർശം (3)-ലെ ജൂനിയർ സൂപ്രണ്ടുമാരുടെ അന്തിമ മുൻഗണനാപ്പട്ടികയിൽ നിന്നും ചുവടെ ചേർക്കുന്ന ജീവനക്കാരന് 35700-75600/- രൂപ ശമ്പള സ്കെയിലിൽ റേഷ്യോ ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര് | ജനന തീയതി | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. | റേഷ്യോ ഹയർഗ്രേഡ് പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | ശ്രീ. രതീന്ദ്രൻ. ജി | 25.05.1965 | 16 | 05.06.2018 |

ബന്ധപ്പെട്ട നിയന്ത്രണാധികാരി മേൽ പ്രസ്താവിച്ച പ്രകാരം റേഷ്യോ ഹയർഗ്രേഡ് ഉത്തരവായ ജീവനക്കാരന്റെ ശമ്പള നിർണ്ണയം നടത്തേണ്ടതാണ്. ഉത്തരവിൽ റേഷ്യോ ഹയർഗ്രേഡ് അനുവദിക്കപ്പെട്ട ജീവനക്കാരന് ഹയർഗ്രേഡ് അനുവദിച്ച ഉത്തരവ് തീയതി മുതൽ ഒരു വർഷം പിന്നിലേയ്ക്കുള്ള ഗ്രേഡ് കുടിശ്ശികയ്ക്ക് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

പകർപ്പ് :
1) ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്
2) എക്സി. എഞ്ചിനീയർ, തസ്വഭവ ഡിവിഷൻ, കൊല്ലം
3) സീനിയോരിറ്റി സെൽ, ചീഫ് എഞ്ചിനീയറുടെ ഓഫീസ്, എൽ.എസ്.ജി.ഡി
4) എ1 സെക്ഷൻ
5) കരുതൽ ഫയൽ

അംഗീകാരത്തോടെ,

**സീനിയർ സൂപ്രണ്ട്**
(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല)

P 989